പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2240 15.07.2011- ൽ മറുപടിക്ക്

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൂർണ്ണമായും തകർന്ന വീടുകൾക്ക് സഹായമായി നൽകുന്ന നഷ്ട പരിഹാരത്തുക എത്രയാണെന്നും ഭാഗികമായി തകർന്ന വീടുകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | പൂർണ്ണമായി തകർന്ന പക്കാ വീടുകൾക്ക് 25000/- രൂപയും കച്ചാ വീടുകൾക്ക് 10,000/- രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് പക്കാ കച്ചാ ഭേദമില്ലാതെ 15,000/- രൂപയുമാണ് കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇതിനായി സി.ആർ.എഫിൽ നിന്നും അനുവദിക്കുന്ന തുകയെക്കാൾ കൂടുതൽ തുക ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്; | (സി) | ഉണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് പക്കാ, കച്ചാ ഭേദമില്ലാതെ ഒരു ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി 35,000/- രൂപയും അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുകയേക്കാൾ കൂടുതൽ തുക സ്റ്റേറ്റ് ഫണ്ടിൽ നിന്നാണ് നല്കുന്നത്. |
| (ഡി) | 2006-2011 കാലഘട്ടത്തിൽ പൂർണ്ണമായും വീട് തകർന്നതിൽ സി.ആർ.എഫിൽ നിന്നും അനുവദിച്ച തുകയോടൊപ്പം അറുപത്തി അയ്യായിരം രൂപ കൂട്ടിച്ചേർത്ത് ഒരു ലക്ഷം രൂപയാക്കി എത്ര വീടുകൾക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കൊല്ലം ജില്ലയിൽ 53 വീടുകൾക്കും പാലക്കാട് ജില്ലയിൽ 7 വീടുകൾക്കും നല്കിയിട്ടുണ്ട്. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഇടിമിന്നൽമൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് സി.ആർ.എഫ് മാനദണ്ഡപ്രകാരം ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ 2006-2011 കാലയളവിൽ ഇടിമിന്നലേറ്റ് മരണപ്പെട്ടവരുടെ എത്ര കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇടിമിന്നൽ മൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് സി.ആർ.എഫ് മാനദണ്ഡപ്രകാരം ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. ഈ സാഹചര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ഇടിമിന്നൽ മൂലം മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി ഒരു ലക്ഷം രൂപ വീതം നല്കാൻ 01.07.2011 ലെ സ.ഉ(ആർ.റ്റി) നം.2766/2011/റവ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ